

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ



## 2. മന്ത്രവാദവും മതവും

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


2 മന്ത്രവാദവും മതവും . . . . . . . . . . . . . . . . . . . . . . 1

1 മതത്തിന്റെ ഉറവിടം . . . . . . . . . . 2

2 മന്ത്രവാദത്തിന്റെ അടിസ്ഥാനം . . . 3

3 മന്ത്രവാദവും സയൻസും . . . . . . . . 4

4 മന്ത്രവാദത്തിന്റെ ഉപയോഗം . . . . 5

5 സർവാത്മവാദം . . . . . . . . . . . . 6

6 പ്രേതോപാസന . . . . . . . . . . . . 7

7 ഗോത്രചിഹ്നം . . . . . . . . . . . . . 8

8 വിശ്വാസങ്ങളുടെ ശക്തി . . . . . . . . 9

9 ലിംഗപൂജയും അമ്മ ദൈവവും . . . . 10

# 2

## മന്ത്രവാദവും മതവും

മനുഷ്യന്റെ ആവിർഭാവത്തിനു മുമ്പ് ദൈവമുണ്ടായിരുന്നുവോ? ഒന്നു തീർച്ച ദൈവമുണ്ടായിരുന്നാലും ശരി, ഇല്ലാതിരുന്നാലും ശരി, മനുഷ്യന് മുമ്പും ഭൂമിയുണ്ടായിരുന്നു. മലകളും കാടുകളും പുഴകളും പക്ഷിമൃഗാദികളുമുണ്ടായിരുന്നു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമുണ്ടായിരുന്നു. പക്ഷേ, മനുഷ്യന്റെ ആവിർഭാവത്തിനു ശേഷം അവയ്ക്കെല്ലാം പുതിയൊരർത്ഥവും പുതിയൊരു പ്രയോജനവുമുണ്ടായി. അവയെല്ലാം മനുഷ്യന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ടവയായിത്തീർന്നു. മലയും കാടും കായ്കനികളും പക്ഷിമൃഗാദികളുടെ മാംസവും മനുഷ്യന്റെ ജീവിതോപാധികളായി മാറി. പുഴയൊഴുകുന്നതും ചെടി കായ്ക്കുന്നതും പക്ഷിമൃഗാദികൾ ജീവിക്കുന്നതും സൂര്യൻ പ്രകാശിക്കുന്നതുമെല്ലാം മനുഷ്യന് വേണ്ടിയാണെന്നുവന്നു. ഒരു ഋഗ്വേദകവി പാടിയതുപോലെ, “ബലവാനായ സൂര്യൻ കതിരുകൾ പരത്തി തേജസ്സോടെ വർത്തിക്കുന്നത് മർത്ത്യർക്ക് വേണ്ടിയാണ്”.

## 1 മതത്തിന്റെ ഉറവിടം

അപരിഷ്കൃതങ്ങളായ ഉൽപ്പാദനോപകരണങ്ങളുമായി പ്രകൃതി ശക്തികളെ നേരിട്ടുകൊണ്ടും അവയെ തന്റെ സ്വന്തം ഇഷ്ടത്തിനനുസരിച്ച് മാറ്റിമറിക്കാൻ ശ്രമിച്ചുകൊണ്ടുമാണ് പ്രാകൃതമനുഷ്യൻ തന്റെ ജീവിതയാത്ര ആരംഭിച്ചത്. ബാഹ്യപ്രകൃതിയെ മാറ്റാനുള്ള പരിശ്രമങ്ങൾ അവന്റെ ആന്തരികപ്രകൃതിയിലും മാറ്റങ്ങളുളവാക്കി. പ്രകൃതിയെ മാനവീകരിക്കാനുള്ള ശ്രമത്തിലൂടെയാണ് മനുഷ്യൻ മനുഷ്യനായിത്തീർന്നത്.

ക്ലേശകരമായ ഈ ശ്രമം ഒറ്റയ്ക്കൊറ്റയ്ക്കു നടത്തുക സാദ്ധ്യമായിരുന്നില്ല. മനുഷ്യൻ പെറ്റുവീണതു തന്നെ സാമൂഹ്യജീവിയായിട്ടാണ്. ചരിത്രത്തിൽ നിന്നും സാമൂഹ്യബന്ധങ്ങളിൽ നിന്നും കുടുംബ ബന്ധങ്ങളിൽ നിന്നും അടർത്തിയെടുത്തു പുറത്തിട്ടാൽ മനുഷ്യൻ മനുഷ്യനല്ലാതാവും. പ്രാകൃതമനുഷ്യൻ ഭക്ഷണത്തിനാവശ്യമായ വന്യവിഭവങ്ങൾ ശേഖരിക്കാനും കാട്ടുമൃഗങ്ങളെ വേട്ടയാടാനും വേണ്ടി അലഞ്ഞുതിരിഞ്ഞത് കൂട്ടം കൂട്ടമായിട്ടാണ്. മനുഷ്യസമൂഹമാണ് പ്രകൃതിയെ മാനവീകരിക്കാൻ പുറപ്പെട്ടത്. പ്രകൃതിയെ മാനവീകരിക്കാൻ വേണ്ടിയുള്ള പ്രാകൃതമനുഷ്യരുടെ ഓരോ കാൽവെപ്പും അവരുടെ പ്രവർത്തനപരിധികളിലും സാമൂഹ്യബന്ധങ്ങളിലും മാത്രമല്ല, അവരുടെ ബോധമണ്ഡലങ്ങളിലും മാറ്റങ്ങളുണ്ടാക്കി. ഈ മാറ്റങ്ങളുടെ ഫലമായിട്ടാണ് മതവും ദൈവവിശ്വാസവും ആവിർഭവിച്ചത്.

ജോർജ് തോംസൺ എഴുതുന്നു: "നമുക്കറിയാവുന്ന ഏറ്റവും അടിത്തട്ടിലുള്ള കാടന്മാർക്ക് ദൈവങ്ങളില്ല. പ്രാർത്ഥനകളെപ്പറ്റിയോ യാഗങ്ങളെപ്പറ്റിയോ അവർക്ക് യാതൊന്നും അറിഞ്ഞുകൂടാ. ഇതുപോലെതന്നെ, പരിഷ്കൃതജനതകളുടെ പ്രാക്ചരിത്രകാലത്തേക്കു തുളച്ചുകടക്കാൻ കഴിയുമ്പോഴെല്ലാം ദൈവങ്ങളും പ്രാർത്ഥനകളും യാഗങ്ങളുമൊന്നുമില്ലാത്ത ഒരു ഘട്ടത്തിൽ നമ്മളെത്തിച്ചേരുന്നു". [1]

പക്ഷേ, ദൈവത്തെപ്പറ്റിയോ പരമാത്മാവിനെപ്പറ്റിയോ ചിന്തിക്കേണ്ട ആവശ്യമില്ലായിരുന്നുവെങ്കിലും ഏറ്റവും പ്രാകൃതരായ മനുഷ്യർക്കു പോലും ഭക്ഷണം ആവശ്യമായിരുന്നു. കുടിക്കാൻ വെള്ളം, തിന്നാൻ കായ്കനികളും പക്ഷിമൃഗാദികളുടെ മാംസവും — ഇവ നേടാൻ ചുറ്റുപാടുമുള്ള പ്രകൃതിശക്തികളുമായി ബന്ധപ്പെടേണ്ടതുണ്ടായിരുന്നു. അതിന് ബാഹ്യപ്രകൃതിയുടെ സ്വഭാവത്തെക്കുറിച്ചും പക്ഷിമൃഗാദികളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ജ്ഞാനം ആവശ്യമായിരുന്നു.

എന്നാൽ പ്രാകൃതമനുഷ്യരുടെ പ്രകൃതിജ്ഞാനം വളരെ വളരെ പരിമിതമായിരുന്നു. സയൻസും തത്വജ്ഞാനവും അവർക്കജ്ഞാതങ്ങളായിരുന്നു. സാമൂഹ്യ സാഹചര്യങ്ങളെന്നപോലെ തന്നെ പ്രകൃതിയുടെ പ്രതിഭാസങ്ങളും അവരുടെ നിയന്ത്രണത്തിനു വിധേയമായിരുന്നില്ല. ഇടിവെട്ടും കാട്ടുതീയും വെള്ളപ്പൊക്കവും അവരെ അമ്പരപ്പിക്കുകയും അവരിൽ ഒരുതരം ഭീതിയുളവാക്കുകയും ചെയ്തു. ഒരു പാമ്പു കടിക്കുകയോ തലയിലൊരു പാറക്കല്ല് ഇടിഞ്ഞുവീഴുകയോ ചെയ്യുമ്പോഴേക്കും മരിച്ചുപോകുന്ന മനുഷ്യൻ എത്ര ദുർബലനാണ്! എന്താണ് മരണം? മരിച്ചുകഴിഞ്ഞാലത്തെ സ്ഥിതിയെന്താണ്? പക്ഷേ, മരണാനന്തരജീവിതത്തെപ്പറ്റിയാലോചിക്കാൻ നിന്നാൽ കാട്ടുമൃഗങ്ങൾ ഇങ്ങോട്ടു വന്നാക്രമിച്ചേക്കും. ഓരോ നിമിഷവും പ്രകൃതിശക്തികളോടെതിരിട്ടു കൊണ്ടല്ലാതെ ജീവിക്കാൻ സാധിക്കില്ല. മരണത്തെപ്പോലെ തന്നെ പ്രകൃതിയുടെ പ്രതിഭാസങ്ങളും യുക്ത്യതീതങ്ങളാണ്. അജ്ഞാതങ്ങളാണ്. സയൻസിന്റെയും സാങ്കേതികവിദ്യയുടെയും അഭാവത്തിൽ പ്രാകൃതമനുഷ്യർക്ക് മലയും പുഴയും മരവും പാമ്പും സിംഹവുമെല്ലാം തങ്ങളേക്കാൾ ശക്തിയുള്ളവയാണെന്ന് തോന്നിപ്പോയതിൽ അത്ഭുതമില്ല. അവയെ നേരിടേണ്ടതെങ്ങനെയാണ്? ജീവിതത്തിൽ നിന്ന് ഒളിച്ചോടിപ്പോവുക സാദ്ധ്യമല്ല. പ്രകൃതിശക്തികളോടെതിരിടാനുള്ള കഴിവ് പരിമിതവുമാണ്. പരിമിതമായ കഴിവുകളുടെ പൂരണങ്ങളെന്ന നിലയ്ക്ക് പ്രകൃതിശക്തികളെത്തന്നെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. മനുഷ്യൻ തന്നിലന്തർലീനമായി കിടക്കുന്ന ശക്തികളുടെയും തന്റെ എല്ലാ ആഗ്രഹാഭിലാഷങ്ങളുടെയും സമൂർത്തങ്ങളായ ബാഹ്യരൂപങ്ങളെന്ന നിലയ്ക്ക് പ്രകൃതിശക്തികളെ നോക്കിക്കാണാൻ തുടങ്ങി. മറ്റൊരുവിധം പറഞ്ഞാൽ, മനുഷ്യൻ തന്റെ യഥാർത്ഥമായ ആന്തരികസത്തയെ തന്നിൽനിന്നു വേറിട്ടുനിൽക്കുന്ന ബാഹ്യശക്തികളിൽ പ്രതിഷ്ഠിക്കുകയും ഭൗമങ്ങളായ ആ ശക്തികളെ അഭൗമശക്തികളായി സങ്കല്പിക്കാൻ തുടങ്ങുകയും ചെയ്തു. മനുഷ്യന്റെ ദൈനംദിന സാമൂഹ്യജീവിതത്തിൽ ആധിപത്യം വഹിച്ച യുക്ത്യതീതങ്ങളായ ബാഹ്യശക്തികൾ അവന്റെ മനസ്സിലുളവാക്കിയ വികാരവിചാരങ്ങളാണ് മനുഷ്യസത്തയുടെ ഈ അന്യവൽക്കരണം ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യകതയാക്കിത്തീർത്തത്.

പ്രകൃതിയെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചുമുള്ള പ്രാകൃതമനുഷ്യന്റെ ധാരണകൾ ഒട്ടുംതന്നെ വസ്തുനിഷ്ഠമായിരുന്നില്ല. വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മനുഷ്യന്റെ ബോധമണ്ഡലത്തിൽ പ്രതിഫലിച്ചപ്പോൾ അശാസ്ത്രീയമായ വ്യാമോഹത്തിന്റെ രൂപം കൈക്കൊണ്ടു. പ്രകൃതിശക്തികൾക്ക് അവയുടെ യഥാർത്ഥസ്വഭാവത്തിനു പുറമെ പ്രകൃത്യതീതങ്ങളും മാനുഷികങ്ങളും ദിവ്യങ്ങളുമായ ചില സിദ്ധികൾ കൂടിയുണ്ടെന്ന സങ്കൽപ്പത്തിലേക്ക് ഇതു വഴിതെളിച്ചു. പ്രകൃതിയെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചുമുള്ള അശാസ്ത്രീയവും വ്യാമോഹാധിഷ്ഠിതവുമായ ഈ വ്യാഖ്യാനമായിരിക്കാം മതത്തിന്റെ ഉറവിടം.

---

1. George Thomson: Studies in Ancient Greek Society.

## 2 മന്ത്രവാദത്തിന്റെ അടിസ്ഥാനം

ഇതു ശരിയാണെങ്കിൽ മതത്തിന് രണ്ടു ഘടകങ്ങളുണ്ടെന്നു കാണാം: ഒന്ന്, പ്രകൃതിയെ മനസ്സിലാക്കാനുള്ള സംരംഭങ്ങളിൽ നിന്നുളവാകുന്ന മതവിശ്വാസങ്ങൾ: രണ്ട്, പ്രകൃതിയെ കീഴടക്കാനുള്ള പരിശ്രമങ്ങളുമായി ബന്ധപ്പെട്ട മതചടങ്ങുകൾ. നിഗൂഢങ്ങളും ദുർഗ്രഹങ്ങളുമായ പ്രകൃതിശക്തികൾ പ്രാകൃതമനുഷ്യന്റെ മനസ്സിലുളവാക്കിയ പ്രതികരണങ്ങളാണ് രണ്ടിന്റേയും അടിസ്ഥാനം. പ്രാചീനഗോത്രവർഗ്ഗക്കാരുടെ മതവിശ്വാസങ്ങളെപ്പറ്റിയും മതചടങ്ങുകളെപ്പറ്റിയുമുള്ള ഗവേഷണങ്ങളും ആര്യന്മാരുടെ ഋഗ്വേദദൈവങ്ങളെപ്പറ്റിയുള്ള പഠനങ്ങളും, ഈ അനുമാനത്തിന് ശക്തി കൂട്ടുന്നു.

പ്രസ്തരയുഗത്തിൽ നിന്ന് പുറത്തു കടന്നിട്ടില്ലാത്ത ഗോത്രവർഗ്ഗക്കാർക്കിടയിൽ പ്രചാരമുള്ള മന്ത്രവാദ ചടങ്ങുകൾ പരിശോധിച്ചാൽ ഇതു കൂടുതൽ വ്യക്തമാവും. മനുഷ്യന് പ്രകൃതിശക്തികളുടെ പ്രവർത്തനങ്ങളിലിടപെടാനും അവയുടെ ഗതിക്രമത്തെ മാറ്റാനും കഴിവുണ്ടെന്ന വിശ്വാസമാണ് മന്ത്രവാദത്തിന്റെ അടിസ്ഥാനം. പ്രകൃതിശക്തികളുടെ നിഗൂഢങ്ങളായ ഭീകരപ്രതിഭാസങ്ങളുടെ മുമ്പിൽ നിസ്സഹായരായിക്കഴിയേണ്ട ആവശ്യമില്ലെന്നും മന്ത്രശക്തിയുടെ സഹായം കൊണ്ട് അവയെ സ്വാധീനിക്കാൻ കഴിയുമെന്നും പ്രാചീന ഗോത്രവർഗ്ഗക്കാർ വിശ്വസിച്ചു. പ്രകൃതികോപങ്ങളിൽ നിന്നും രോഗബാധകളിൽ നിന്നും രക്ഷപെടാനും കൂടുതൽ മൃഗങ്ങളെ എളുപ്പത്തിൽ വേട്ടയാടിപ്പിടിക്കാനും അതുപോലെയുള്ള മറ്റാവശ്യങ്ങൾ നേടാനും അവർ മന്ത്രവാദത്തെ ആശ്രയിച്ചു. പൂവ്, ഭസ്മം തുടങ്ങിയ ചില പ്രത്യേകസാമഗ്രികളും ചില പ്രത്യേകജന്തുക്കളുടെ രക്തവുമുപയോഗിച്ച് സവിശേഷങ്ങളായ ചില പദപ്രയോഗങ്ങളുടെയും അംഗവിക്ഷേപങ്ങളുടെയും സഹായത്തോടുകൂടി മന്ത്രോച്ചാരണം, പൂജ, ധ്യാനം, നൃത്തം തുടങ്ങിയ ചടങ്ങുകൾ നിർവ്വഹിച്ചാൽ മറ്റുവഴിക്ക് സാധിക്കാത്ത ആഗ്രഹങ്ങൾ നിറവേറ്റാൻ കഴിയുമെന്നായിരുന്നു അവരുടെ വിശ്വാസം. നവപ്രസ്തരയുഗത്തിൽ കൃഷി അഭിവൃദ്ധിപ്പെടാൻ തുടങ്ങിയപ്പോൾ മന്ത്രചടങ്ങുകളുടെ രൂപങ്ങളിലും മാറ്റങ്ങൾ വന്നു. അതിവൃഷ്ടിയും അനാവൃഷ്ടിയും ഒഴിവാക്കാനും ധാന്യങ്ങളുടെ വിള വർദ്ധിപ്പിക്കാനും വേണ്ടി മന്ത്രകർമ്മങ്ങൾ ഉപയോഗിക്കപ്പെട്ടു. ബെർണൽ എഴുതുന്നു:

> “വേട്ടയാടി നടന്നിരുന്ന കാലത്തുതന്നെ, മൃഗജീവിതത്തിലെ മാറ്റങ്ങൾ പരിശോധിച്ചുകൊണ്ട് പരോക്ഷമായിട്ടാണെങ്കിലും, വൃക്ഷസസ്യാദികളുടെ വളർച്ചയിൽ മഴ ചെലുത്തിയിരുന്ന സ്വാധീനം ശ്രദ്ധിക്കപ്പെടാൻ തുടങ്ങിയിരുന്നു. ഇപ്പോളത് ഒരു ജീവിതപ്രശ്നമായിത്തീർന്നു. അനുകരണാത്മകമായ മന്ത്രവാദം മഴയുണ്ടാക്കാനുള്ള മറ്റൊരു മുഖ്യ ചടങ്ങായിത്തീർന്നു. വസന്തോത്സവങ്ങളും കൊയ്ത്തുകലോത്സവങ്ങളും പതിവായി ആഘോഷിക്കപ്പെട്ടു”. [2]

ഈ ചടങ്ങുകളെല്ലാം ജനങ്ങളുടെ സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ടവയായിരുന്നു. ഇന്നയിന്ന കർമ്മങ്ങൾക്ക് ഇന്നയിന്ന ഫലങ്ങളുണ്ടാവുമെന്ന വിശ്വാസമായിരുന്നു അവയുടെയെല്ലാം അടിസ്ഥാനം. പ്രാചീന ഗ്രീസിൽ നിലനിന്നിരുന്ന മന്ത്രവാദ ചടങ്ങുകളെ വിശകലനം ചെയ്തുകൊണ്ട് തോംസൺ ഇങ്ങനെ എഴുതി:

> “യാഥാർത്ഥ്യത്തെ നിയന്ത്രിക്കുന്നുവെന്ന വ്യാമോഹം സൃഷ്ടിച്ചുകൊണ്ട് അതിനെ വാസ്തവമായിട്ടുതന്നെ നിയന്ത്രിക്കാൻ കഴിയുമെന്ന തത്വമാണ് മന്ത്രവാദത്തിന്റെ അടിസ്ഥാനം. തുടക്കത്തിൽ അത് ഒരുതരം അനുകരണാഭിനയമായിരുന്നു. നിങ്ങൾക്ക് മഴവേണം. അതിന് മേഘങ്ങൾ അടിഞ്ഞുകൂടുന്നതും മഴ കോരിച്ചൊരിയുന്നതും എല്ലാം അനുകരിച്ചു കാണിച്ചുകൊണ്ട് നിങ്ങളൊരു നൃത്തം നടത്തുന്നു. നിങ്ങളാഗ്രഹിക്കുന്നതു സാധിച്ചുവെന്ന് നിങ്ങൾ ഭാവനയിൽ അഭിനയിക്കുന്നു”. [3]

ഇങ്ങനെ പ്രകൃതിശക്തികൾക്കെതിരായ സമരത്തിൽ പ്രാകൃതമനുഷ്യനുണ്ടായിരുന്ന നിസ്സഹായതാബോധത്തിൽ നിന്നാണ് മന്ത്രവാദം ആവിർഭവിച്ചത്. അതു വാസ്തവത്തിൽ ശാസ്ത്രബോധത്തിനു പകരമുള്ളതായിരുന്നില്ല, ശാസ്ത്രബോധത്തിന്റെ പോരായ്മ നികത്താനുള്ളതായിരുന്നു. “പ്രാകൃത മനുഷ്യന് കാലാവസ്ഥയെ നിയന്ത്രിക്കാൻ കഴിയില്ല”, മാലിനോവ്സ്കി എഴുതുകയാണ്, “മഴ, സൂര്യപ്രകാശം, കാറ്റ്, ചൂട്, തണുപ്പ് മുതലായ പ്രതിഭാസങ്ങളെ എത്രതന്നെ നോക്കി പരിശോധിച്ചാലും എത്രതന്നെ ചിന്തിച്ചാലും അവയെ സ്വന്തം കൈകൾകൊണ്ട് സൃഷ്ടിക്കാൻ കഴിയില്ലെന്ന് അനുഭവം അവനെ പഠിപ്പിക്കുന്നു. അതുകൊണ്ട് അവൻ മന്ത്രവാദത്തിലൂടെ അവയോടിടപെടുന്നു”. [4]

---

2. J. D. Bernal: Science in History, P. 65.
3. George Thomson: Studies in Ancient Greek Society.
4. Malinowski: A Science Theory of Culture and Other Essays.

## 3 മന്ത്രവാദവും സയൻസും

മതവും മന്ത്രവാദവും വ്യത്യസ്തങ്ങളും പരസ്പരവിരുദ്ധങ്ങളുമാണെന്ന് ഫ്റേയ്സർ അഭിപ്രായപ്പെടുകയുണ്ടായി. മന്ത്രവാദവും ആധുനികശാസ്ത്രവും രണ്ടും മാറ്റമില്ലാത്ത പ്രകൃതിനിയമങ്ങളുടെ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്നും അതുകൊണ്ട് രണ്ടിന്റെയും അടിസ്ഥാനപ്രമാണങ്ങൾ ഒന്നുതന്നെയാണെന്നുമാണ് അദ്ദേഹം പറയുന്നത്: “സചേതനങ്ങളായ ചില മൂലശക്തികളാണ് ലോകത്തെ നിയന്ത്രിക്കുന്നത് എന്നും ആ ശക്തികളെ പ്രേരണകൾ വഴിയായി അവയുടെ ഉദ്ദേശ്യത്തിൽ നിന്നു പിന്തിരിപ്പിക്കാൻ കഴിയുമെന്നുമാണ് മതം സങ്കൽപ്പിക്കുന്നത്. അതുകൊണ്ട് അത് അടിസ്ഥാനപരമായി മന്ത്രവാദത്തിനും സയൻസിനും ഒരുപോലെ എതിരാണ്. പ്രകൃതിയുടെ ഗതിക്രമത്തെ നിർണ്ണയിക്കുന്നത് മനുഷ്യന്റെ അഭിനിവേശങ്ങളോ ചാപല്യങ്ങളോ അല്ല, മറിച്ച് യാന്ത്രികമായി പ്രവർത്തിക്കുന്നവയും മാറ്റമില്ലാത്തവയുമായ നിയമങ്ങളാണെന്നാണ് ശാസ്ത്രവും മന്ത്രവാദവും കണക്കാക്കുന്നത്. മന്ത്രവാദത്തിൽ ഈ വസ്തു ഊഹ്യരൂപത്തിൽ മാത്രമേ അംഗീകരിക്കുന്നുള്ളൂ; സയൻസിലാകട്ടെ ഇത് സ്പഷ്ടമാണ്”. [5]

മന്ത്രവിദ്യയിൽ ദൈവം, ആത്മാവ്, പരലോകം എന്നിവയെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾക്ക് സ്ഥാനമില്ലെന്നു ധരിച്ചു വശായതിനാലാണ് ഫ്രേയ്സർ ഈ തീരുമാനത്തിലെത്തിയത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദൈവങ്ങളിലുള്ള വിശ്വാസവും അവരെ പ്രീതിപ്പെടുത്താൻ വേണ്ടിയുള്ള പ്രാർത്ഥനകൾ നടത്തലുമാണ് മതത്തിന്റെ പ്രത്യേകത. “മനുഷ്യനേക്കാൾ ഉന്നതങ്ങളായ ശക്തികളെ പ്രകൃതിയുടെയും മനുഷ്യജീവിതത്തിന്റെയും ഗതിയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നവയെന്നു വിശ്വസിക്കപ്പെടുന്ന ശക്തികളെ — പ്രസാദിപ്പിക്കുകയോ അനുരഞ്ജിപ്പിക്കുകയോ ചെയ്യുന്നതിനാണ്” മതമെന്നു പറയുന്നത്. മന്ത്രവിദ്യയാകട്ടെ, “ഉചിതങ്ങളായ മന്ത്രോച്ചാരണങ്ങളോടുകൂടി മുറപ്രകാരമുള്ള ചടങ്ങുകൾ നിർവ്വഹിച്ചാൽ ആഗ്രഹിച്ച കാര്യങ്ങൾ സാധിക്കുമെന്ന വിശ്വാസത്തിൽ അധിഷ്ഠിതമാണ്”.

ഫ്രേയ്സറുടെ നിഗമനങ്ങളെ അന്ധമായി അനുകൂലിക്കുന്ന ദേവീപ്രസാദ് ചതോപാദ്ധ്യായ പറയുന്നു, മന്ത്രവാദം മതത്തിനും ആദ്ധ്യാത്മികവാദത്തിനും എതിരായ ഒരുതരം ഭൗതികവാദമാണെന്ന്. “വർഗ്ഗങ്ങളുടെ ആവിർഭാവത്തിനു മുമ്പുണ്ടായിരുന്ന പ്രാകൃതസമുദായങ്ങളുടെ ലോകവീക്ഷണഗതി പ്രാഗാദ്ധ്യാത്മികമായിരുന്നു; ഈ അർത്ഥത്തിൽ അത് പ്രാകൃത ഭൗതികവാദമായിരുന്നു” [6] എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹം എഴുതുന്നു:

> “വർഗ്ഗങ്ങളുടെ ആവിർഭാവത്തിനു മുമ്പുണ്ടായിരുന്ന പ്രാകൃതകമ്യൂണിസത്തിന്റെ അവശിഷ്ടങ്ങളിൽ നിന്ന് ഭരണകൂടം ആവിർഭവിച്ചതുപോലെ തന്നെ പ്രാകൃതകാലത്തെ പ്രാഗാദ്ധ്യാത്മികവാദത്തിന്റെ അവശിഷ്ടങ്ങളിൽ നിന്ന് മനുഷ്യന്റെ ബോധമണ്ഡലത്തിൽ ആദ്ധ്യാത്മികപ്രത്യയശാസ്ത്രങ്ങളും ഉടലെടുത്തു… ആദ്ധ്യാത്മിക വാദത്തിനു മുമ്പുണ്ടായിരുന്ന ഈ പ്രത്യയശാസ്ത്രം ഭൗതികവാദമായിരുന്നു; അല്ലെങ്കിൽ ഭൗതികവാദത്തിന്റെ മുന്നോടിയെങ്കിലുമായിരുന്നു. നമ്മൾ കണ്ടുകഴിഞ്ഞതുപോലെ, അത് ലോകായതമായിരുന്നു”. [7]

വർഗ്ഗസമുദായങ്ങളിൽ ആധിപത്യം വഹിക്കുന്ന ചൂഷകവർഗ്ഗക്കാരുടെ താല്പര്യങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടിയാണ് ആദ്ധ്യാത്മികവാദം ഉയർന്നുവന്നത് എന്നും വർഗ്ഗങ്ങളുടെ ആവിർഭാവത്തിനുമുമ്പ് ജീവിച്ചിരുന്ന പ്രാചീന ഗോത്രവർഗ്ഗക്കാർ മതവിശ്വാസമില്ലാത്ത ഭൗതികവാദികളായിരുന്നുവെന്നുള്ള മുൻവിധിയാണ് മന്ത്രവാദത്തിൽ ഭൗതികവാദം കണ്ടെത്താൻ ചതോപാദ്ധ്യായയെ പ്രേരിപ്പിച്ചതെന്നു തോന്നുന്നു. ഏതായാലും ഇതുശരിയല്ല. എന്തെന്നാൽ, മതത്തെ ദൈവങ്ങളിലോ ദൈവങ്ങളോടുള്ള പ്രാർത്ഥനകളിലോ ഉള്ള വിശ്വാസം മാത്രമാക്കി ഒതുക്കിനിർത്താൻ വയ്യ. മതം, അതിന്റെ വിശാലമായ അർത്ഥത്തിൽ, മനുഷ്യാതീതശക്തികളിലുള്ള വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയ മാനുഷികബന്ധങ്ങളുടെയും മനുഷ്യപ്രവർത്തനങ്ങളുടെയും വസ്തുക്കളുടെയും ആശയങ്ങളുടെയും ആകെ തുകയാണ്. അമാനുഷികശക്തികളിലുള്ള വിശ്വാസമാണ് മതത്തിന്റെ മുഖ്യമായ സ്വഭാവവും അതിന്റെ അടിത്തറയും. ആദ്യം തന്നെ വ്യക്തമാക്കിയതുപോലെ, മനുഷ്യൻ തനിക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തവയും പക്ഷേ, നേടണമെന്നാഗ്രഹിക്കുന്നവയുമായ നന്മകളെയും ശക്തികളെയും തന്നിൽ നിന്നു വേറിട്ടു നിൽക്കുന്ന ബാഹ്യപ്രതിഭാസങ്ങളിലേക്കാവാഹിക്കുകയും അവയ്ക്ക് മനുഷ്യാതീതവും അഭൗമവുമായ ഒരു ദിവ്യത്വം കല്പിച്ചുകൊടുക്കുകയും ചെയ്യാൻ തുടങ്ങിയതിന്റെ ഫലമായിട്ടാണ് മതവിശ്വാസങ്ങൾ ആവിർഭവിച്ചത്. ലെവിസ്ട്രോസ്സ് പറയുന്നു:

> “പ്രകൃത്യതീതങ്ങളായ ശക്തികൾ തങ്ങളിൽ തന്നെ അന്തർലീനമായി കിടക്കുന്നുണ്ടെന്നു വിശ്വസിക്കുകയും എന്നിട്ട് മനുഷ്യാതീത ശക്തികളെ പ്രകൃതിയുടെ മേൽ വെച്ചു കെട്ടുകയും ചെയ്യുന്ന മനുഷ്യരാശിക്കു മാത്രമേ പ്രകൃത്യതീതശക്തികളെപ്പറ്റി സങ്കൽപ്പിക്കാൻ കഴിവുള്ളൂ.” [8]

---

5. Sir. James Frazer: Magic and Religion, PP. 83–84.
6. Debiprasad Chattopadhyaya: Lokayata, PP. 96; 228–9.
7. Ibid. P. 227.
8. Claude Lévi-Strauss: The Savage Mind, P. 221.

## 4 മന്ത്രവാദത്തിന്റെ ഉപയോഗം

ഏതെങ്കിലുമൊരു ഭൗതികവസ്തുവിൽ അലൗകികശക്തികൾ കുടികൊള്ളുന്നുണ്ടെന്ന വിശ്വാസം ആ വസ്തുവിനെ മതപരമായ ആരാധനയ്ക്കർഹമാക്കി തീർക്കുന്നു. മന്ത്രവാദത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. പക്ഷേ, മന്ത്രവാദത്തിൽ അലൗകികശക്തികളർപ്പിക്കപ്പെടുന്നത് മനുഷ്യനിൽ തന്നെയാണ്; കർമ്മം ചെയ്യുന്ന മാന്ത്രികന് അല്ലെങ്കിൽ പുരോഹിതന് അല്ലെങ്കിൽ വെളിച്ചപ്പാടിന് ദിവ്യശക്തികളുണ്ടെന്നു സങ്കൽപ്പിക്കപ്പെടുന്നു. അങ്ങനെ മന്ത്രവാദിയും പുരോഹിതനും വെളിച്ചപ്പാടും മതപരമായ ആദരവിനർഹരായിത്തീരുന്നു.

മന്ത്രവാദ ചടങ്ങുകളുടെ ശക്തി യഥാർത്ഥത്തിൽ മന്ത്രവാദത്തിലുള്ള വിശ്വാസത്തെയാണാശ്രയിച്ചിരിക്കുന്നത്. ഈ വിശ്വാസത്തിന് മൂന്നു ഘടകങ്ങളുണ്ടെന്ന് ലെവി സ്റ്റോസ്സ് ചൂണ്ടിക്കാണിക്കുന്നു. ഒന്ന്, മന്ത്രവാദിക്ക് തന്റെ വിദ്യയിലുള്ള വിശ്വാസം; രണ്ട്, രോഗിക്ക് മന്ത്രവാദിയുടെ കഴിവിലുള്ള വിശ്വാസം; മൂന്ന്, ആ വിശ്വാസത്തിനനുയോജ്യമായ സമൂഹത്തിന്റെ വിശ്വാസപ്രമാണങ്ങളും പ്രതീക്ഷകളും. ഈ മൂന്നു ഘടകങ്ങളുമുണ്ടെങ്കിൽ ചില മന്ത്രവാദ ചടങ്ങുകൾക്ക് ഉദ്ദേശിച്ച ഫലമുണ്ടായേക്കുമെന്ന് സ്റ്റോസ്സ് അഭിപ്രായപ്പെടുന്നു. [9]

ഈ മൂന്നു ഘടകങ്ങളുമുൾക്കൊണ്ട മന്ത്രവാദവിശ്വാസം ഇന്ത്യയിലെ പ്രാചീന ഗോത്രവർഗ്ഗക്കാർക്കിടയിൽ പരന്നുപിടിച്ചിരുന്നുവെന്ന് നരവംശ ശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങൾ തെളിയിക്കുന്നുണ്ട്. കോഴികളെ ബലിയർപ്പിച്ചുകൊണ്ട് കേരളത്തിലെ മലവേടന്മാർ നടത്തുന്ന മന്ത്രവാദത്തിന്റെ ആരംഭത്തെ കുറിക്കുന്നു.

“എന്റെ മൂർത്തിയേ, നിനക്ക് കോഴിയുടെ പരി തരുന്നു. എനിക്ക് രക്ഷയായ് ഇരുന്നുകൊള്ളണം. കൊച്ചിനോടും കുട്ടിയോടും യാതൊരു ഉപദ്രവവും ഉണ്ടാക്കരുതേ”.

കൃഷിയും സ്ഥിരവാസവുമാരംഭിച്ചതിനു ശേഷം അപരിഷ്കൃത ജനങ്ങൾക്കിടയിൽ മന്ത്രവാദം കൂടുതൽ പരന്നു പിടിക്കുകയാണ് ചെയ്തത്. അതിവൃഷ്ടിയിൽ നിന്നും അനാവൃഷ്ടിയിൽ നിന്നും രക്ഷ നേടാൻ വേണ്ടി മാത്രമല്ല, അപസ്മാരം തുടങ്ങി രോഗങ്ങളിൽ നിന്നും വസൂരി, കോളറ തുടങ്ങി പകർച്ചവ്യാധികളിൽ നിന്നും മോചനം നേടാനും മന്ത്രവാദികളെ ആശ്രയിക്കുക പതിവായിരുന്നു. പരിഷ്കൃതരെന്നഭിമാനിക്കുന്ന ആധുനികർക്കിടയിൽ പോലും അതിന്റെ അവശിഷ്ടങ്ങൾ കാണാം.

മന്ത്രവാദത്തെ മതത്തിന്റെ പ്രാരംഭരൂപമെന്നോ മതവിശ്വാസങ്ങളുടെ വളർച്ചയുടെ പ്രാഥമിക ഘട്ടമെന്നോ ചിലർ വിശേഷിപ്പിക്കാറുമുണ്ട്. അതത്ര ശരിയാണെന്നു തോന്നുന്നില്ല. എന്തെന്നാൽ, മന്ത്രവാദത്തിൽ മതവിശ്വാസത്തിന്റെ ഘടകങ്ങളടങ്ങിയിരിക്കുന്നതു പോലെ തന്നെ മതങ്ങളിൽ മന്ത്രവാദ ചടങ്ങുകളും അടങ്ങിയിരിക്കുന്നുണ്ട്. ഏറ്റക്കുറച്ചിലുകളുണ്ടെന്നേയുള്ളൂ.

---

9. Claude Lévi-Strauss: Structural Anthropology, P. 268.

## 5 സർവാത്മവാദം

മന്ത്രവാദവുമായി ഏറെക്കുറെ ബന്ധപ്പെട്ടതും സർവാത്മവാദം എന്ന പേരിലറിയപ്പെടുന്നതുമായ മറ്റൊരു മതവിശ്വാസവും പ്രാകൃതഗോത്രവർഗ്ഗക്കാർക്കിടയിലുണ്ടായിരുന്നു. “ആത്മാക്കളെക്കുറിച്ചും പൊതുവിൽ അരൂപികളായ അലൗകികജീവികളെക്കുറിച്ചുമുള്ള സിദ്ധാന്തം” എന്നാണ് ടൈലർ സർവാത്മവാദത്തെ നിർവചിക്കുന്നത്. “സാധാരണയായി സർവാത്മവാദം രണ്ടു വലിയ പ്രമാണങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നു കാണാം. ഈടുള്ള ഒരേ സിദ്ധാന്തത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണവ. ഒന്നാമത്തേത് മരണത്തിനുശേഷവും അല്ലെങ്കിൽ ശരീരനാശത്തിനു ശേഷവും തുടർന്നു നിലനിൽക്കാൻ കെൽപ്പുള്ള ജീവാത്മാക്കളെ സംബന്ധിക്കുന്നതാണ്. രണ്ടാമത്തേത്, ശക്തിശാലികളായ ദേവന്മാർ വരെയുള്ള മറ്റു പലതരം ആത്മാക്കളെ സംബന്ധിക്കുന്നതും. പ്രേതാത്മാക്കൾക്ക് ഭൗതികലോകത്തിലെ സംഭവഗതികളെയും മനുഷ്യന്റെ ഐഹികവും പാരത്രികവുമായ ജീവിതത്തെയും സ്വാധീനിച്ചു നിയന്ത്രിക്കാൻ കഴിവുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. മാത്രമല്ല, അവർ ജീവിച്ചിരുന്ന മനുഷ്യരുമായി സമ്പർക്കം പുലർത്തുന്നുണ്ടെന്നും മനുഷ്യരുടെ പ്രവർത്തനങ്ങൾ അവരെ സന്തുഷ്ടരോ സംതൃപ്തരോ ആക്കുമെന്നും കരുതപ്പെടുന്നു. അതുകൊണ്ട്, പ്രേതാത്മാക്കളുടെ നിലനില്പുള്ള വിശ്വാസം സ്വാഭാവികമായിത്തന്നെ — അനിവാര്യമായിത്തന്നെ എന്നു പറയാം — ആരാധനകൾക്കും പൂജാദികർമ്മങ്ങൾക്കും വഴിതെളിക്കുന്നു. ഇങ്ങനെ സർവാത്മവാദം, അതിന്റെ പൂർണ്ണവളർച്ചയിൽ, ആത്മാക്കളിലും മരണാനന്തരജീവിതത്തിലും ദേവതകളുടെയും ഭൂതപ്രേതപിശാചാദികളുടെയും നിയന്ത്രണത്തിലും മറ്റുമുള്ള വിശ്വാസങ്ങളെ ഉൾക്കൊള്ളുന്നു. ഈ സിദ്ധാന്തങ്ങളുടെ പ്രായോഗികപരിണാമം ഏതെങ്കിലും തരത്തിലുള്ള കർമ്മാനുഷ്ഠാനങ്ങളോടു കൂടിയ പൂജാവിധികളാണ്”. [10]

ഉൽപാദനോപകരണങ്ങളുടെയും ഉൽപാദനശക്തികളുടെയും വളർച്ച എളിയതോതിൽ മാത്രമായിരുന്ന ഒരു കാലഘട്ടത്തിലാണ് സർവാത്മവാദം ആവിർഭവിച്ചത്. പ്രകൃതിയുടെയും സാമൂഹ്യശക്തികളുടെയും യഥാർത്ഥ സ്വഭാവത്തെക്കുറിച്ചും മനുഷ്യനുൾപ്പെടെയുള്ള ജീവികളുടെ ശാരീരികവും മാനസികവുമായ ഘടനകളെക്കുറിച്ചും മനസ്സിലാക്കാൻ കഴിയാത്ത പ്രാകൃതഗോത്രവർഗ്ഗക്കാർ ജനനമരണാദികളും ചിന്തകൾ, വികാരങ്ങൾ, സ്വപ്നങ്ങൾ മുതലായവയും എങ്ങനെ സംഭവിക്കുന്നു എന്ന് ശാസ്ത്രീയമായി കണ്ടുപിടിക്കാൻ അശക്തരായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. മനുഷ്യന്റെ വികാരവിചാരങ്ങളും ആശയാഭിലാഷങ്ങളും സുഖദുഃഖങ്ങളുമെല്ലാം അമാനുഷങ്ങളായ ഏതോ ദൈവങ്ങളുടെ പണിയായിരിക്കണം; അല്ലെങ്കിൽ മനുഷ്യന്റെ ശരീരത്തിൽ തന്നെ നിലനില്ക്കുന്നതും മരണസമയത്തുമാത്രം വിട്ടുപോകുന്നതുമായ ഏതോ ഒരാത്മചൈതന്യത്തിന്റെ പണിയായിരിക്കണം; അല്ലെങ്കിൽ രണ്ടും കൂടിയായിരിക്കാം. മരിക്കുമ്പോൾ ആത്മാവെവിടെപ്പോകുന്നു? ശരീരത്തിൽ നിന്നു വേറിട്ടുപോയ അത് മറ്റെവിടെയെങ്കിലും നിലനിൽക്കുന്നുണ്ടാവണം. മനുഷ്യരിലെന്നപോലെ തന്നെ മറ്റു ജീവജാലങ്ങളിലും വൃക്ഷലതാദികളിലും, എന്തിന്, സർവചരാചരങ്ങളിലും, ആത്മാവ് കുടികൊള്ളുന്നുണ്ടാവണം!

മനുഷ്യന്റെ വികാരവിചാരങ്ങളും ആശയാഭിലാഷങ്ങളുമെല്ലാം ഭൗതികശരീരത്തിൽ നിന്നു സ്വതന്ത്രമായി നിലനിൽക്കുന്ന അമാനുഷികശക്തികളുടെ പ്രകടനമാണെന്ന വിശ്വാസം പ്രാചീനഗോത്രവർഗ്ഗക്കാരുടെ മതവിശ്വാസങ്ങളുമായി കൂടിക്കലർന്നിരിക്കുന്നു. പ്രകൃതിയെയും സാമൂഹ്യശക്തികളെയും നിയന്ത്രിക്കുകയെന്നത് തങ്ങളുടെ കഴിവിന്നതീതമായതുകൊണ്ട് സ്വാഭാവികമായും അവർ നൃത്തഗീതാദികളെക്കൊണ്ടും പൂജാദികർമ്മങ്ങളെക്കൊണ്ടും ആ അമാനുഷികശക്തികളെ പ്രീണിപ്പിക്കാൻ ശ്രമിച്ചു. പ്രാകൃതോപകരണങ്ങളുപയോഗിച്ചുകൊണ്ടുള്ള മാനുഷികാദ്ധ്വാനത്തിന്റെ പോരായ്മകൾ നികത്താനും ഉൽപ്പാദനത്തിന്റെ സാങ്കേതികോപാധികളുടെ പരിമിതികളെ കവച്ചുവെക്കാനും സാമൂഹ്യജീവിതത്തിലെ ക്ലേശങ്ങൾക്കു പരിഹാരം കാണാനുംവേണ്ടി അവർ ആ അമാനുഷശക്തികളുടെ സഹായംതേടി. അവർ മരങ്ങളെയും പാമ്പുകളെയും വന്യമൃഗങ്ങളെയും മരിച്ചുപോയ കാരണവന്മാരുടെ പ്രേതങ്ങളെയും ഭൂതപിശാചുക്കളെയും എല്ലാം ആരാധിക്കാൻ തുടങ്ങി. ആത്മാവിലും പൂർവികരുടെ പ്രേതങ്ങളിലും മരണാനന്തരജീവിതത്തിലുമുള്ള വിശ്വാസങ്ങളിൽ നിന്ന് പുനർജന്മത്തെപ്പറ്റിയും പരകായപ്രവേശനത്തെപ്പറ്റിയുമുള്ള വിശ്വാസങ്ങളും രൂപംകൊണ്ടു.

---

10. Edward Tylor: Primitive Culture, Part 1, P. 23.

## 6 പ്രേതോപാസന

ഇന്ത്യയിലെ പ്രാചീനഗോത്രവർഗ്ഗക്കാർക്കിടയിലും അപരിഷ്കൃത ജനവിഭാഗങ്ങൾക്കിടയിലും ഇത്തരം വിശ്വാസങ്ങളും ആചാരങ്ങളും ഇന്നും നിലനിൽക്കുന്നുണ്ടെന്നു കാണാം. ജീവിച്ചിരിക്കുന്നവർക്ക് നന്മയോ തിന്മയോ വരുത്താനും ആരോഗ്യമോ രോഗങ്ങളോ നൽകാനും മരിച്ചുപോയവരുടെ പ്രേതങ്ങൾക്കു കഴിയുമെന്നു വിശ്വസിക്കപ്പെടുന്നു. അതുകൊണ്ട് അവരെ പ്രീണിപ്പിക്കാനും സംതൃപ്തരാക്കാനും വേണ്ടിയുള്ള പലതരം മതച്ചടങ്ങുകൾ നിർവഹിക്കപ്പെടുന്നു. കുന്നിൻപുറങ്ങളിലും കാട്ടുപ്രദേശങ്ങളിലും കഴിഞ്ഞുകൂടുന്ന ഗോത്രവർഗ്ഗക്കാരുടെ ജീവിതരീതി പരിശോധിച്ചാൽ ഇത്തരം ചടങ്ങുകളുടെ പല മാതൃകകളും കാണാം. ഉദാഹരണത്തിന്, കേരളത്തിലെ കാണിക്കാർ മറ്റുപല ദൈവങ്ങളെയുമെന്നപോലെ തങ്ങളുടെ പൂർവികരുടെ പ്രേതങ്ങളെ (ചാവുകളെ)യും ആരാധിക്കുന്നു. അവരുടെ ഒരു പ്രാർത്ഥന ഇങ്ങനെയാണ്;

“പടച്ചതമ്പുരാനേ, എല്ലക്കല്ലുസാമി, തമ്പുരാട്ടി അമ്മേ, തിരുവത്തുപാറ ചാത്താ, നൂറ്റൊന്നു ചാവുമാരേ, നൂറ്റൊന്നു തമ്പുരാക്കന്മാരേ, പത്മനാഭസ്വാമി, ഞങ്ങളുടെ പൂജ പറ്റിക്കൊണ്ട് കാട്ടിൽ കിടക്കുന്ന ഞങ്ങളെ രക്ഷിക്കണം! നീക്കമ്പു, മുറിയാമ്പാച്ചി, നാട്ടാമുടവുവന്ന് ആൾ ഒന്നും മരിച്ചുപോകാതെ നിങ്ങൾ രക്ഷിച്ചുകൊള്ളണം. ഞങ്ങൾക്ക് കാട്ടിൽ നിങ്ങളല്ലാതെ വേറെ ആരുമില്ല.”

ചാവുകൾക്ക് കോഴിയും മറ്റും ബലിയർപ്പിച്ചുകൊണ്ട് മലവേടന്മാർ പ്രാർത്ഥിക്കുന്നു:

> “ദൈവമേ, പൊന്നുമലേ, വേണ്ടും വണ്ണം ഇരിക്കണം. എന്റെ അപ്പൂപ്പ, ഞങ്ങളും ഉഴവും നന്നായിരിക്കണം. കഴിഞ്ഞ അപ്പൂപ്പന്മാരേ, വേണ്ടും വണ്ണം രക്ഷയായ് ഇരിക്കണം. അടിയങ്ങളുടെ കുഞ്ഞിനും കുട്ടിക്കും ഒരു അറ്റകുറ്റം കൂടാതെ ഇരിക്കണം”.

ഈ ആരാധനാമൂർത്തികൾക്കിടയിൽ കരുണാനിധികളായ നല്ല ദൈവങ്ങൾ മാത്രമല്ല, ദുഷ്ടന്മാരായ ചീത്ത ദൈവങ്ങളുമുണ്ടായിരുന്നു; ദുരയും പകയും അടങ്ങാത്ത രക്തദാഹമുള്ള ഉഗ്രമൂർത്തികളുണ്ടായിരുന്നു. അവരെ പ്രീണിപ്പിക്കാൻ ധാരാളം കോഴികളെയും ആടുകളെയും ബലിയർപ്പിച്ചുകൊണ്ടുള്ള മന്ത്രവാദം തന്നെ വേണ്ടിവരും!

പ്രേതോപാസനകൾ, ശവസംസ്കാരച്ചടങ്ങുകൾ, ശേഷക്രിയകൾ തുടങ്ങിയ ആചാരങ്ങളാവിർഭവിച്ചത് മരിച്ചതിനുശേഷം ആത്മാവ് നിലനിൽക്കുമെന്ന വിശ്വാസത്തിന്റെ ഫലമായിട്ടാണ്. എഹരൻഫെൽസ് എഴുതുന്നു:

> “മരണത്തിനു ശേഷവും, ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ, പ്രജ്ഞ നിലനിൽക്കുമെന്ന സങ്കല്പം കാടരുടെ ഒരു പൊതുവിശ്വാസമാണെന്നു തോന്നുന്നു… മരണാനന്തരമുള്ള നിലനിൽപ് ആകാശത്തിലെവിടെയോ ആണെന്നാണ് പരക്കെ വിശ്വസിക്കപ്പെട്ടിരുന്നത്”. [11]

കേരളത്തിലെ അപരിഷ്കൃതജനവിഭാഗങ്ങളുടെ ശവസംസ്കാര ചടങ്ങുകളെ വിവരിച്ചുകൊണ്ട് മാമൻ എഴുതുകയുണ്ടായി:

> “ജീവിച്ചിരിക്കുന്നവർക്ക് മരിച്ചുപോയവരുടെ ആത്മാവിനെക്കുറിച്ചുള്ള ഭീതി — ശേഷിച്ച ആസ്മാദികളെ പേടിപ്പിക്കാൻ അവർ തിരിച്ചുവന്നേക്കുമെന്ന ഭയം — ഒഴിവാക്കാനുള്ള കരുതലോടുകൂടിയാണ് ശവസംസ്കാരം നടത്തപ്പെടുന്നത്. മരിച്ചവന്റെ ആത്മാവിനെ സമാധാനിപ്പിക്കാൻ വേണ്ടി ശവത്തിന്റെ വായിൽ അരിയും വെറ്റിലയും മറ്റും വെച്ചുകൊടുക്കുന്നു. പ്രേതത്തെ അമർത്തിനിർത്താൻ വേണ്ടി ശവക്കുഴിയുടെ രണ്ടറ്റത്തും നടുവിലും ഓരോ മുള്ള് കുത്തിനിർത്തുന്നു”. [12]

ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും ഇമ്മാതിരി വിശ്വാസങ്ങളും ആചാരങ്ങളും ശവസംസ്കാരകർമ്മങ്ങളും കാണാം. ചടങ്ങുകൾക്കു വ്യത്യാസങ്ങളുണ്ടായേക്കാം. എങ്കിലും ഉദ്ദേശ്യം ഒന്നുതന്നെ.

മനുഷ്യന്റെ വികാരവിചാരങ്ങൾ, ബോധം, പ്രജ്ഞ മുതലായവ ശരീരഘടനയുമായും സാമൂഹ്യജീവിതവുമായും ബന്ധപ്പെട്ടവയല്ലെന്നും ശരീരം കൂടാതെ തന്നെ നിലനിൽക്കാൻ കഴിവുള്ള ആത്മാവിന്റെ പ്രകടനങ്ങളാണെന്നുള്ള സങ്കല്പത്തിൽ നിന്നാണ് മേൽപ്പറഞ്ഞ വിശ്വാസങ്ങളും ആചാരങ്ങളും പൊന്തിവന്നത്. എംഗൽസ് എഴുതുകയുണ്ടായി:

> “മനുഷ്യൻ തങ്ങളുടെ സ്വന്തം ശരീരത്തിന്റെ ഘടനയെപ്പറ്റി തീരെ അജ്ഞരായിരുന്നു. ആ അതിപ്രാചീന കാലം മുതൽക്കുതന്നെ അവർ തങ്ങൾ കാണാറുണ്ടായിരുന്ന സ്വപ്നരൂപങ്ങളുടെ പ്രചോദനം വഴിയായി, തങ്ങളുടെ ചിന്തകളും വികാരങ്ങളും മറ്റും ശരീരത്തിന്റെ പ്രവർത്തനങ്ങളല്ലെന്നും മറിച്ച്, വേറിട്ടു നിൽക്കുന്നതും ശരീരത്തിനുള്ളിൽ നിവസിച്ച് മരണസമയത്ത് വിട്ടുപിരിഞ്ഞുപോകുന്നതുമായ ഒരാത്മാവിന്റെ പ്രവർത്തനങ്ങളാണവയെന്നും വിശ്വസിച്ചുതുടങ്ങിയിരുന്നു. അന്നു മുതൽക്കുതന്നെ ഈ ആത്മാവും ബാഹ്യലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ചിന്തിക്കാൻ അവർ നിർബദ്ധരായിത്തീർന്നു. മരണസമയത്ത് ശരീരത്തെ വിട്ടുപിരിഞ്ഞതിനുശേഷവും അതു തുടർന്നു നിലനിൽക്കുമെങ്കിൽപ്പിന്നെ അതിന് മറ്റൊരു മരണമുണ്ടാകുമെന്നു സങ്കൽപ്പിക്കേണ്ട യാതൊരാവശ്യവുമില്ലല്ലോ. ഇങ്ങനെയാണ് ആത്മാവിന്റെ അനശ്വരതയെക്കുറിച്ചുള്ള ആശയം ആവിർഭവിച്ചത്. മനുഷ്യസമുദായത്തിന്റെ വളർച്ചയുടെ ആ ഘട്ടത്തിൽ ഈ ആശയം ഒരിക്കലും ഒരു സമാശ്വാസമായിട്ടല്ല, മറിച്ച്, എതിർത്തു തോൽപ്പിക്കാൻ കഴിയാത്ത ഒരു വിധിയായിട്ടാണ് പ്രത്യക്ഷപ്പെട്ടത്… വ്യക്തിയുടെ അനശ്വരതയെക്കുറിച്ചുള്ള മുഷിപ്പൻ ആശയത്തിലേക്ക് പൊതുവേ വഴിതെളിച്ചത് മനഃശാന്തിക്ക് വേണ്ടിയുള്ള മതപരമായ അഭിനിവേശമല്ല, മരണത്തിനുശേഷവും നിലനിൽക്കുമെന്നംഗീകരിക്കപ്പെട്ട ഈ ആത്മാവിനെക്കൊണ്ട് എന്തു ചെയ്യണമെന്നതിനെ സംബന്ധിച്ചുള്ള സാമാന്യവും സാർവത്രികവുമായ അജ്ഞതയിൽ നിന്നുടലെടുത്ത മാനസികക്കുഴപ്പമാണ്. ഇതേ മാതിരിതന്നെയാണ് പ്രകൃതിശക്തികളുടെ വ്യക്തിവൽക്കരണത്തിലൂടെ ആദ്യത്തെ ദൈവങ്ങളും ആവിർഭവിച്ചത്”. [13]

---

11. Ehrenfels: Kadar of Cochin, P. 170.
12. K. Mammen: Kerala Culture.
13. Marx and Engels: On Religion, P. 225.

## 7 ഗോത്രചിഹ്നം

ഗോത്രചിഹ്നങ്ങളെപ്പറ്റിയുള്ള ഒരു സിദ്ധാന്തം അടുത്ത കാലംവരെ നരവംശ ശാസ്ത്രജ്ഞന്മാർക്കിടയിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. ഗോത്രവർഗ്ഗക്കാരുടെ സാമൂഹ്യജീവിതത്തെയും മതവിശ്വാസങ്ങളെയും കൂട്ടിയിണക്കുന്ന ഒരു കണ്ണിയായിട്ടാണ് ഈ സിദ്ധാന്തം ഉയർത്തിപ്പിടിക്കപ്പെട്ടിരുന്നത്.

ഗോത്രത്തിന്റെ ഏറ്റവുമാദ്യത്തെ മുൻഗാമി ഏതെങ്കിലുമൊരു ചെടിയോ മൃഗമോ പ്രകൃതിയുടെ മറ്റേതെങ്കിലുമൊരു പ്രതിഭാസമോ ആയിരുന്നുവെന്നും അതിൽ നിന്ന് തലമുറതലമുറയായി പിന്തുടർന്നുണ്ടായവരാണ് തങ്ങളെന്നുമുള്ള പ്രാകൃതജനങ്ങളുടെ വിശ്വാസത്തിൽ നിന്നാണത്രേ ഗോത്രചിഹ്നം ആവിർഭവിച്ചത്. ഓരോ ഗോത്രത്തിനും സ്വന്തമായ കൊടിക്കൂറയും ചിഹ്നവും പേരുമുണ്ടായിരുന്നു. ഏതെങ്കിലുമൊരു മൃഗത്തിന്റെയോ പക്ഷിയുടെയോ ചെടിയുടേയോ പേരിലാണ് ഓരോ ഗോത്രവും അറിയപ്പെട്ടിരുന്നത്. അതുതന്നെയായിരുന്നു ഗോത്രത്തിന്റെ ചിഹ്നവും. ഗോത്രചിഹ്നങ്ങളുടെ അടിസ്ഥാനത്തിലാണ് ഗോത്രസമുദായങ്ങൾ തരംതിരിക്കപ്പെട്ടിരുന്നത്. പ്രാകൃതമനുഷ്യരുടെ ജീവിതസാഹചര്യങ്ങൾ പക്ഷിമൃഗാദികളുമായും ചെടികൾ, വൃക്ഷങ്ങൾ മുതലായവയുമായും അത്രമേൽ ബന്ധപ്പെട്ടിരുന്നതുകൊണ്ട് അവയുമായി തങ്ങളുടെ മുൻഗാമികൾക്ക് രക്തബന്ധമുണ്ടായിരുന്നുവെന്ന് അവർ ധരിച്ചുവശായി എന്നും അങ്ങനെ ഏതെങ്കിലും പക്ഷിയുടെയോ മൃഗത്തിന്റെയോ ചെടിയുടെയോ പിൻഗാമികളാണ് തങ്ങളെന്ന് അവർ വിശ്വസിച്ചുപോന്നു എന്നും മറ്റുമാണ് വാദിക്കപ്പെടുന്നത്. ഒരു ഗോത്രത്തിനുള്ളിലെ അച്ഛൻ, അമ്മ, സഹോദരി, അമ്മാമൻ തുടങ്ങിയ എല്ലാ രക്തബന്ധങ്ങളും ഗോത്രചിഹ്നവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുള്ളൂ എന്ന് തോംസൺ പറയുന്നു. [14] "മനുഷ്യരുടെയും മൃഗങ്ങളുടെയും സന്താനോല്പാദനത്തിന്റെ ശാരീരികപ്രക്രിയയെക്കുറിച്ചുള്ള പ്രാകൃത ഗോത്രവർഗ്ഗക്കാരുടെ അജ്ഞതയാണ്, പ്രത്യേകിച്ചും സന്താനോല്പാദനത്തിൽ പുരുഷൻ വഹിക്കുന്ന പങ്കിനെക്കുറിച്ചുള്ള അജ്ഞതയാണ്, ഗോത്രചിഹ്നവിശ്വാസത്തിന്റെ അടിസ്ഥാനപരമായ ഉറവിടം" എന്ന് ഫ്രെയ്സർ [15] അഭിപ്രായപ്പെടുന്നു. "പ്രകൃതിയുടെ ഏറ്റവും പ്രാഥമികങ്ങളായ പ്രക്രിയയെക്കുറിച്ചുപോലും അജ്ഞരായ ഈ ജനങ്ങൾ കിരാതജീവിതത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ളവരാണ്" എന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. ദർഖീമിന്റെ അഭിപ്രായത്തിൽ ഗോത്രചിഹ്നോപാസനയാണ് പ്രാകൃതമനുഷ്യരുടെ മതവിശ്വാസങ്ങളുടെ ഏറ്റവും പ്രാഥമികമായ രൂപം.

ഗോത്രചിഹ്നമായി കണക്കാക്കപ്പെടുന്ന പക്ഷിയോ മൃഗമോ ചെടിയോ മതപരമായ ഭക്തിയോടെ ആരാധിക്കപ്പെടുന്നു. എന്തെന്നാൽ, അത് ഗോത്രത്തിന്റെ ഉറവിടമാണ്. അതിന്റെ പിൻഗാമികളാണ് ഗോത്രവർഗ്ഗക്കാർ, അതുകൊണ്ട് അത് പാവനമാണ്. അതിനെ കൊല്ലുകയോ ഭക്ഷണത്തിനുപയോഗിക്കുകയോ ചെയ്യരുത്. ഉദാഹരണത്തിന്, കാട്ടുപോത്തിന്റെ ഇറച്ചിതിന്നാൻ പാടില്ലെന്ന നിയമം കാടർ കണിശമായി പാലിക്കാറുണ്ടെന്ന് എഹരൻ ഫെൽസ് ചൂണ്ടിക്കാണിക്കുന്നു:

> "കാട്ടുപോത്തിനോടുള്ള ഈ വൈമുഖ്യം, തങ്ങളുടെ വളർത്തുപോത്തിനോടുപോലും കാടർ പ്രകടിപ്പിക്കാറുണ്ട്. കാടരിൽ പലരും എരുമപ്പാൽ ഉപയോഗിക്കാൻ കൂട്ടാക്കാത്തവരാണ്. കിഴക്കൻ സമതലപ്രദേശങ്ങളിൽ നിന്ന് നരികളെ ഇരകാട്ടി പിടിക്കാൻ വേണ്ടി ശിക്കാരികൾ കൊണ്ടുവരുന്ന എരുമയെ അവർ തൊടുകപോലുമില്ല". [16]

ഗോത്രചിഹ്നസിദ്ധാന്തം പ്രകൃതിയെ മെരുക്കാനും നിയന്ത്രിക്കാനുമുള്ള ഒരുപകരണമാണെന്ന് മാലിനോവ്സ്കി കരുതുന്നു. അപായകരങ്ങളോ പ്രയോജനകരങ്ങളോ ഭക്ഷിക്കാൻ പറ്റിയവയോ ആയ മൃഗങ്ങളെയും ചെടികളെയും നിയന്ത്രിക്കാനാഗ്രഹമുള്ളതുകൊണ്ട് പ്രാകൃതമനുഷ്യർ അവയ്ക്ക് ചില പ്രത്യേകശക്തികളുണ്ടെന്നു സങ്കൽപ്പിക്കുന്നു എന്നദ്ദേഹം പ്രസ്താവിക്കുന്നു. [17] ഈ അർത്ഥത്തിലായിരിക്കണം "ഗോത്രസമുദായത്തിന്റെ സവിശേഷതയായ മന്ത്രവാദമതവ്യവസ്ഥ" എന്ന് തോംസൺ ഗോത്രചിഹ്നത്തെ നിർവചിച്ചത്. [18]

ഗോത്രത്തിന്റെ ഐക്യവും ഗോത്രങ്ങൾ തമ്മിലുള്ള ബന്ധവും നിലനിർത്താനുള്ള ഒരേകീകരണശക്തിയായിട്ടാണ് ഗോത്രചിഹ്നം കണക്കാക്കപ്പെട്ടത്. അതുകൊണ്ടാവാം ഗോത്രത്തിലെ അംഗങ്ങൾ തമ്മിൽതമ്മിലുള്ള വിവാഹം നിഷിദ്ധമായിത്തീർന്നത്. ഗോത്രത്തിന്റെ ഐക്യത്തെ പരിപാവനമാക്കുന്ന ഒരാന്തരികശക്തിയുടെ ബാഹ്യചിഹ്നമായിരുന്നു ഗോത്രചിഹ്നമെന്ന് ജോൺ ലെവീസ് കരുതുന്നു. ഗോത്രചിഹ്നത്തിലുള്ള വിശ്വാസവും അതിനോടനുബന്ധിച്ച ആചാരവിധികളും "മനുഷ്യരുടെ സമൂഹങ്ങളെ അവയുടെ സാഹചര്യങ്ങൾക്കനുയോജ്യമായി സംഘടിപ്പിക്കാൻ സഹായിക്കുകയും കൂട്ടായ ധാർമ്മികബോധങ്ങളുടെ സാമൂഹ്യാംഗീകാരത്തിന്റെ പ്രതീകങ്ങളായിത്തീരുകയും ചെയ്യുന്നു. ഈ അംഗീകാരത്തെ ആശ്രയിച്ചാണ് സമൂഹത്തിന്റെ ഐക്യം നിലകൊള്ളുന്നത്". [19]

ഇങ്ങനെ ഗോത്രചിഹ്നസിദ്ധാന്തത്തിന് രണ്ടു വശങ്ങളുണ്ട്: മതപരവും സാമൂഹ്യവും.

യൂറോപ്യൻ നരവംശശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച ഈ ഗോത്രചിഹ്നസിദ്ധാന്തത്തിന്റെ സഹായത്തോടുകൂടി ഇന്ത്യയിലെ പ്രാചീനഗോത്രവർഗ്ഗക്കാരുടെ സാമൂഹ്യജീവിതത്തെയും മതവിശ്വാസങ്ങളെയും പരിശോധിക്കാനുള്ള പല പരിശ്രമങ്ങളും നടന്നു കഴിഞ്ഞിട്ടുണ്ട്. ഗോത്രചിഹ്നവിശ്വാസങ്ങൾ ആസ്ട്രേലിയയിലെയും ആഫ്രിക്കയിലെയും കാട്ടുജാതിക്കാർക്കിടയിൽ മാത്രമല്ല, ഇന്ത്യയിലെ പ്രാചീന ഗോത്രവർഗ്ഗക്കാർക്കിടയിലും നിലനിൽക്കുന്നുണ്ടെന്ന് ചില ഗ്രന്ഥകാരന്മാർ പ്രഖ്യാപിക്കാൻ തുടങ്ങിയിട്ടുണ്ട്. ഗോത്രത്തിലെ അംഗങ്ങൾ "ഗോത്രചിഹ്നവുമായി താദാത്മ്യം പ്രാപിക്കുകയും അതിനെ കൊല്ലുകയോ തിന്നുകയോ തൊടുകയോ ചെയ്യാതിരിക്കുകയും അതിനോട് തങ്ങൾക്ക് രക്തബന്ധമുണ്ടെന്നു കരുതുകയും തങ്ങളുടെ ഗോത്രപ്പേരുള്ളവരുമായി വിവാഹബന്ധങ്ങളിലേർപ്പെടാതിരിക്കുകയും മറ്റും ചെയ്യുമ്പോൾ അവർ രക്തബന്ധാടിസ്ഥാനത്തിലുള്ള ഗോത്രത്തിന്റെ ഐക്യത്തെ ശക്തിപ്പെടുത്തുകയും ഗോത്രത്തിനു വഴങ്ങിക്കൊണ്ട് തങ്ങളുടെ സ്വന്തം ആഗ്രഹാഭിലാഷങ്ങൾ നിറവേറ്റുകയുമാണ് ചെയ്യുന്നത്". [20] എന്ന് ഫെറെയർ ചൂണ്ടിക്കാണിക്കുന്നു. ദേവീപ്രസാദ് ചതോപാദ്ധ്യായ തന്റെ 'ലോകായത' എന്ന ഗ്രന്ഥത്തിൽ ഇന്ത്യയിലെ പ്രാചീനാര്യന്മാർ ഗോത്രചിഹ്നസിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്നു എന്നും അവരുടെ ചില ഗോത്രങ്ങൾ എലി, കുരങ്ങ്, മുയൽ മുതലായ ജീവികളിൽ നിന്ന് പിന്തുടർന്നുണ്ടായവയാണെന്നും സ്ഥാപിക്കാൻ പണിപ്പെടുന്നുണ്ട്.

എന്നാൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ മെക്ലെന്നാൻ, റോബർട്സൺ സ്മിത്ത്, സർ. ജെയിംസ് ഫ്രെയ്സർ മുതലായ സുപ്രസിദ്ധ നരവംശശാസ്ത്രജ്ഞന്മാർ രൂപംകൊടുത്തതും വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങളോടും വിശദീകരണങ്ങളോടും കൂടി അവരുടെ പിൻഗാമികൾ മുറുകെ പിടിച്ചു പോന്നതുമായ ഈ ഗോത്രചിഹ്നസിദ്ധാന്തത്തിന് അടുത്ത കാലത്തായി വലിയൊരിളക്കം തട്ടിയിരിക്കുന്നു. അനേകം ഗോത്രവർഗ്ഗക്കാരുടെ സാമൂഹ്യജീവിതത്തെ സൂക്ഷ്മമായി നോക്കിപ്പഠിച്ചതിനുശേഷം എതിർക്കാൻ വയ്യാത്ത ഒട്ടനവധി തെളിവുകളോടുകൂടി ലെവി സ്ട്രോസ്സ് ഏതാനും വർഷങ്ങൾക്കുമുമ്പു പ്രസിദ്ധം ചെയ്ത 'ഗോത്രചിഹ്നസിദ്ധാന്തം', 'കിരാതമനസ്സ്' തുടങ്ങിയ ഗ്രന്ഥങ്ങൾ ഗോത്രചിഹ്നവിശ്വാസങ്ങളെക്കുറിച്ചുള്ള ധാരണകൾക്ക് യഥാർത്ഥത്തിൽ യാതൊരടിസ്ഥാനവുമില്ലെന്ന് ഉറപ്പിച്ചുപ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്.

ഗോത്രചിഹ്ന സിദ്ധാന്തത്തിന്റെ മുഖ്യമായ ഒരു ദൗർബല്യം അത് മനുഷ്യജീവിതത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് പ്രകൃതിശക്തികളെ നോക്കുന്നതിനുപകരം പ്രകൃതിയുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് മനുഷ്യജീവിതത്തെ വീക്ഷിക്കുന്നുവെന്നതാണ്; പ്രകൃതിയെ മാനവീകരിക്കാനുള്ള മനുഷ്യന്റെ പരിശ്രമങ്ങളെപ്പറ്റി പഠിക്കുന്നതിനുപകരം മനുഷ്യനെ പക്ഷിമൃഗാദികളാക്കി തരംതാഴ്ത്തുന്നുവെന്നതാണ്. അതുകൊണ്ട് ഗോത്രചിഹ്നവിശ്വാസത്തെ മതവിശ്വാസങ്ങളുടെ പ്രാരംഭരൂപമായി കണക്കാക്കാൻ വയ്യ. എന്തെന്നാൽ, ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ തന്നെ നമ്മൾ കണ്ടുകഴിഞ്ഞതുപോലെ, മനുഷ്യൻ തന്റെ ആന്തരികസത്തയെ ബാഹ്യങ്ങളായ പ്രകൃതിശക്തികളിൽ പ്രതിഷ്ഠിക്കാൻ തുടങ്ങിയതോടുകൂടിയാണ് മതവിശ്വാസങ്ങൾ ആവിർഭവിച്ചത്. മനുഷ്യനിലൂടെ ലഭിക്കുന്ന സത്യമാണ് പ്രപഞ്ചസത്യം.

---

14. George Thomson: Studies in Ancient Greek Society, P. 36.
15. Sir. James Frazer: totemism and Exogamy, Vol. IV. P. 61.
16. Ehrenfels: Kadar of Cochin, P. 180.
17. Malinowski: Magic, Science and Religion, P. 45.
18. George Thomson: Studies in Ancient Greek Society.
19. John Lewis: The Religious of the World Made Simple, P. 21.
20. J. V. Ferreire: totemism in India, P. 52.

## 8 വിശ്വാസങ്ങളുടെ ശക്തി

ഇതിന്റെ അർത്ഥം പ്രകൃതിയെക്കുറിച്ചുള്ള പ്രാകൃതമനുഷ്യന്റെ ധാരണകളെല്ലാം ശരിയായിരുന്നുവെന്നല്ല; പ്രകൃതിയെക്കുറിച്ചും ആത്മാവിനെക്കുറിച്ചും ദൈവങ്ങളെക്കുറിച്ചും മന്ത്രവാദത്തെക്കുറിച്ചും മറ്റുമുള്ള തെറ്റായ ധാരണകൾപോലും നിസ്സഹായതയിലും പാമരത്വത്തിലും കഴിച്ചുകൂട്ടിയിരുന്ന പ്രാകൃതമനുഷ്യന് ശുഭാപ്തിവിശ്വാസം നൽകാനും അങ്ങനെ അവന്റെ ജീവിതക്ലേശങ്ങളുടെ കാഠിന്യം കുറയ്ക്കാനും സഹായകരമായിത്തീർന്നുവെന്നാണ്. ഭൗതികജീവിതത്തെ പടിപടിയായി അഭിവൃദ്ധിപ്പെടുത്താൻ ഈ വിശ്വാസങ്ങളാണ് അവന് കരുത്തുനൽകിയത്. ഈ അർത്ഥത്തിൽ പ്രാകൃതമതവിശ്വാസങ്ങൾ സാമ്പത്തികവും സാമൂഹ്യവുമായ ഒരു പങ്കു വഹിച്ചിട്ടുണ്ടെന്നു പറയാം.

സാമ്പത്തികാവശ്യങ്ങളുടെ നിർവഹണമായിരുന്നു ഗോത്രജീവിതത്തിന്റെ മുഖ്യമായ പ്രേരകശക്തി. എന്നാൽ, ഏംഗൽസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, എല്ലാത്തരം മതവിശ്വാസങ്ങൾക്കും മതചടങ്ങുകൾക്കും സാമ്പത്തികമായ കാരണങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് “വെറുമൊരു പാണ്ഡിത്യഭ്രമം മാത്ര”മായിരിക്കും. [21] എങ്കിലും പ്രായോഗികപ്രവർത്തനങ്ങളിലൂടെ പ്രകൃതിശക്തികൾക്കും ഭീകരജന്തുക്കൾക്കുമെതിരായ സമരങ്ങൾ ശക്തിപ്പെടുത്തുകയും പുതിയ പുതിയ ഉൽപാദനോപകരണങ്ങൾ കണ്ടുപിടിക്കപ്പെടുകയും ചെയ്തതോടൊപ്പം പഴയ അന്ധവിശ്വാസങ്ങൾ പലതും ദ്രവിക്കാൻ തുടങ്ങി എന്ന കാര്യത്തിൽ സംശയമില്ല. ഒരുഭാഗത്ത് മനുഷ്യന്റെ ഭൗതികവും സാങ്കേതികവുമായ അറിവിന്റെ പരിധി വിപുലമായിക്കൊണ്ടുവന്നു. മറുഭാഗത്ത്, ഭൗതികവാദപരമായ ചിന്തകളോടൊപ്പം തന്നെ നിസ്സഹായതയുടെ പ്രകടനങ്ങളായ മതവിശ്വാസങ്ങളും പുതിയ പുതിയ രൂപം ധരിച്ചുകൊണ്ടു നിലനിന്നുപോന്നു. ഉദാഹരണത്തിന്, കൃഷി അഭിവൃദ്ധിപ്പെടാൻ തുടങ്ങിയപ്പോൾ ഭൗതികോപകരണങ്ങളുടെ ശക്തിയിലുള്ള വിശ്വാസവും ചുറ്റുപാടുകളെക്കുറിച്ചുള്ള അറിവും വർദ്ധിച്ചു; മറുവശത്ത് പുതിയ ദൈവങ്ങളും പുതിയ ആരാധനാസമ്പ്രദായങ്ങളും പുതിയ മതവിശ്വാസങ്ങളും പൊന്തിവന്നു. മോഹൻജദാരൊ–ഹരപ്പാ സംസ്കാരത്തിൽ ഈ രണ്ടു പ്രവണതകളുടെയും വളർച്ച കാണാൻ കഴിയും.

---

21. F. Engels: Letter to Schmidt, October 27, 1890.

# 9 ലിംഗപൂജയും അമ്മ ദൈവവും

സിന്ധു നദീതടങ്ങളിലെ ഗവേഷണങ്ങളിൽ നിന്ന് അമ്പലങ്ങളുടെ ഒരൊറ്റ അവശിഷ്ടവും കണ്ടുകിട്ടിയിട്ടില്ല. എങ്കിലും ബിംബാരാധനയുണ്ടായിരുന്നു എന്നു തോന്നുന്നു. മതാവശിഷ്ടങ്ങളധികവും കല്ലിൽ കൊത്തിയുണ്ടാക്കിയ ബിംബങ്ങളുടെയും കളിമൺപ്രതിമകളുടെയും രൂപത്തിലാണ് നിലനിൽക്കുന്നത്. അവ അക്കാലത്തെ വിശ്വാസങ്ങളെക്കുറിച്ചും ആചാരങ്ങളെക്കുറിച്ചും കുറച്ചൊക്കെ മനസ്സിലാക്കാൻ സഹായകരങ്ങളാണ്. മോഹൻജദാരോവിലെയും ഹരപ്പയിലെയും നിരവധി വീടുകളുടെ അവശിഷ്ടങ്ങളിൽ നിന്ന് കണ്ടെടുക്കപ്പെട്ട ചെറിയ ചെറിയ സ്ത്രീപ്രതിമകൾ അക്കാലത്തെ ജനങ്ങൾക്ക് അമ്മ ദൈവങ്ങളിലുണ്ടായിരുന്ന വിശ്വാസത്തെയാവാം വെളിപ്പെടുത്തുന്നത്. മാർഷൽ പറയുന്നു: "പടിഞ്ഞാറൻ ഏഷ്യയിലെ അമ്മ ദൈവങ്ങളെപ്പോലെ തന്നെ ഇവയും മാതൃമേധാവിത്വമുള്ള ഒരു സാമൂഹ്യവ്യവസ്ഥയിൽ ഉത്ഭവിച്ചതാണെന്ന് ന്യായമായും കരുതാം".

സ്ത്രീപ്രതിമകൾ മാത്രമല്ല, പുരുഷപ്രതിമകളും കണ്ടുകിട്ടിയിട്ടുണ്ട്. അക്കാലത്ത് ശിവനെ അല്ലെങ്കിൽ പശുപതിയെ (മൃഗങ്ങളുടെ നാഥനെ) ആരാധിക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നുവെന്ന് ചില പുരാതത്വഗവേഷകന്മാർ അനുമാനിക്കുന്നു. മൂന്നു തലകളുള്ളതും യോഗികളെപ്പോലെ പത്മാസനത്തിലിരിക്കുന്നതുമായ ഒരു പുരുഷപ്രതിമ ശിവന്റെ പ്രാഗ്രൂപത്തെയാണ് കുറിക്കുന്നത് എന്ന് മാർഷൽ ഊഹിക്കുന്നു. സിന്ധുനദീതടവാസികൾ ശിവനെ മാത്രമല്ല, ചില പ്രത്യേകതരം മരങ്ങളെയും നദികളെയും സർപ്പങ്ങളെയും തിയ്യിനെയും നരി, ആന, പോത്ത്, കാള മുതലായ മൃഗങ്ങളെയും ആരാധിച്ചിരുന്നുവത്രെ. എന്നാൽ അമ്മ ദൈവങ്ങളുടെ പൂജയ്ക്കായിരുന്നു പ്രാധാന്യം.

മാതൃമേധാവിത്വസമ്പ്രദായം നിലനിന്നുപോന്ന സമുദായങ്ങളിലാണ് അമ്മ ദൈവങ്ങൾക്കു പ്രാധാന്യമുണ്ടായിരുന്നത് എന്ന് ചില ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നു. ഇന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കാളി, ഭഗവതി തുടങ്ങിയ അമ്മ ദൈവങ്ങൾ ആരാധിക്കപ്പെട്ടുവരുന്നുണ്ട്. മാതൃമേധാവിത്വ വ്യവസ്ഥയ്ക്ക് പൂർണ്ണമായ കോട്ടം തട്ടിക്കഴിഞ്ഞിട്ടില്ലാത്ത കേരളംപോലുള്ള ചില സ്റ്റേറ്റുകളിൽ ഭഗവതി പൂജയ്ക്ക് കൂടുതൽ പ്രചാരം കാണാം.

മോഹൻജദാരോ–ഹരപ്പാസംസ്കാരത്തിൽ ലിംഗപൂജയ്ക്കും സ്ഥാനമുണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്. നവപ്രസ്തരയുഗത്തിലാവിർഭവിച്ച ഒരു മത ചടങ്ങാണ് ലിംഗപൂജ എന്ന് ചില ശാസ്ത്രജ്ഞന്മാർക്ക് അഭിപ്രായമുണ്ട്. ഉദാഹരണത്തിന് ബെർണൽ എഴുതുന്നു:

> "നവപ്രസ്തരയുഗത്തിലെ ജനങ്ങൾ മുഖ്യമായി ശ്രദ്ധിച്ചത് ധാന്യങ്ങളുടെ വിളവിലാണ്. ഗോത്രചിഹ്നസംബന്ധിയായ ആചാരങ്ങളനുസരിച്ച് സസ്യോൽപ്പാദനത്തിൽ സ്ത്രീകളുടെ പങ്കിന്നാണ് പ്രാധാന്യം കൽപ്പിക്കപ്പെട്ടിരുന്നത്. ധാന്യവിളയ്ക്ക് പ്രചോദനം നൽകാൻ ലൈംഗികമായ ഉൽപ്പാദനചടങ്ങുകൾ നിർവഹിക്കപ്പെട്ടിരുന്നു എന്നതാണ് ഏറ്റവും മുഖ്യമായ ഒരു സവിശേഷത. [22] ധാന്യങ്ങളുല്പാദിപ്പിക്കുന്ന ഭൂമിയും ശിശുവിനെ പ്രസവിക്കുന്ന സ്ത്രീകളും തമ്മിൽ അദൃശ്യമായ എന്തോ ബന്ധമുണ്ടെന്നും ഈ രണ്ടു പ്രതിഭാസങ്ങളും പരസ്പരം സ്വാധീനം ചെലുത്തുന്നുണ്ടെന്നും പ്രാചീനമനുഷ്യർ വിശ്വസിച്ചിരുന്നുവത്രേ.

അനാര്യന്മാരുടെയിടയിൽ നടപ്പുണ്ടായിരുന്ന ലിംഗപൂജയെക്കുറിച്ച് പ്രാചീനാര്യന്മാർക്കു പുച്ഛമായിരുന്നു. "ലിംഗത്തെ ദൈവമായി കരുതുന്നവർ ഞങ്ങളുടെ ദേവാലയങ്ങളിൽ പ്രവേശിക്കാതിരിക്കട്ടെ" എന്നവർ പ്രാർത്ഥിച്ചു.

മോഹൻജദാരോവിലെയും ഹരപ്പയിലെയും ജനങ്ങൾ അമ്മ ദൈവത്തെ ആരാധിച്ചുകൊണ്ടും ലിംഗപൂജ നടത്തിക്കൊണ്ടും മറ്റുപലതരത്തിലുള്ള മതച്ചടങ്ങുകളനുഷ്ഠിച്ചുകൊണ്ടും കൃഷി അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടും കൈവേലകൾ വികസിപ്പിച്ചുകൊണ്ടും സംസ്കാരത്തിന്റെ പല പടികളും കയറിക്കഴിഞ്ഞിരുന്നു. അത്രത്തോളം വളർന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സാമൂഹ്യജീവിതത്തിന്റെ പ്രതിനിധികളായിട്ടാണ് ആര്യന്മാർ ഇന്ത്യയിൽ കുടിയേറിപ്പാർക്കാൻ തുടങ്ങിയത്. അതുകൊണ്ട് സംഘർഷങ്ങളും സംഘട്ടനങ്ങളും അനിവാര്യമായിരുന്നു. പക്ഷേ, ആര്യന്മാർ മെല്ലെമെല്ലെ, അനാര്യന്മാരുടെ മതവിശ്വാസങ്ങളിൽ പലതും സ്വന്തമാക്കി. അതുകൊണ്ടായിരിക്കാം "സിന്ധുനദീതട വാസികളുടെ മതത്തിൽ നിന്നാണ് ഹിന്ദുമതമുണ്ടായത്" എന്നു വീലർ എഴുതിയത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, "പിൽക്കാലത്തെ ഹിന്ദുമതം ആര്യവേഷമണിഞ്ഞുവെങ്കിലും, വാസ്തവത്തിൽ അനാര്യന്മാരായ ഹരപ്പന്മാരുടെ മനഃസ്ഥിതിയെയും സാമൂഹ്യബന്ധങ്ങളെയും, ഒരുപക്ഷേ, തെളിയിക്കാൻ കഴിയുന്നതിലുമേറെ, നിലനിർത്തിപ്പോന്നിട്ടുണ്ട്. വിജയഭാവത്തിലുള്ള, നടരാജനൃത്തമെന്നു തോന്നിക്കുന്ന ഒരു പ്രത്യേകരീതിയിലിരിക്കുന്ന ആദിശിവന്റെ ഒട്ടനവധി ബിംബങ്ങൾ, ലിംഗപൂജയുടെ തെളിവുകൾ, മൃഗങ്ങളോടുള്ള ഭക്തി, വിശേഷിച്ചും കാളകളെ പൂജിക്കൽ — ഇവയ്യൊന്നും തന്നെ വേദമതവിശ്വാസങ്ങളുമായി യാതൊരു ബന്ധവുമില്ല. ചരിത്രപരമായി പിന്നീടുയർന്നുവന്ന ബ്രാഹ്മണമതത്തിന്റെ മുഖ്യഘടകങ്ങളെയാണ് അവ മുൻകൂട്ടി വെളിപ്പെടുത്തുന്നത്. [23]

---

22. J. D. Bernal: Science in History, P. 65.
23. Sir. Mortimer Wheeler: The Indus Civilization, 1960, P. 102.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൌണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014